പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4306 — 21.03.2018-ൽ മറുപടിയ്ക്ക്

**ബയോമെട്രിക് പഞ്ചിംഗ് മെഷീൻ**

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള ബയോമെട്രിക് പഞ്ചിംഗ് മെഷീൻ, അനുബന്ധ സാമഗ്രികൾ എന്നിവ ഏത് കമ്പനിയാണ് നിർമ്മിച്ചിട്ടുള്ളത്; | (എ) | സെക്രട്ടേറിയറ്റിൽ 2010-ലാണ് ആദ്യമായി ബയോമെട്രിക് പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നത്. കെൽട്രോണാണ് ടി സംവിധാനം സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചതും പരിപാലിച്ചു വരുന്നതും. ബയോമെട്രിക് പഞ്ചിംഗ് സംവിധാനം 01.01.2018 മുതൽ കർശനമാക്കുകയും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ടി സംവിധാനം ശമ്പള വിതരണ സോഫ്റ്റ് വെയറായ സ്പാർക്കുമായി ബന്ധിപ്പിക്കുന്നതിന്റെയും ഭാഗമായി നിലവിലുള്ള പഞ്ചിംഗ് സംവിധാനം പരിഷ്കരിക്കുന്നതിന് കെൽട്രോണിനെ തന്നെ ചുമതലപ്പെടുത്തി. ബയോമെട്രിക് പഞ്ചിംഗ് മെഷീനുകളുടെ പൂർണ്ണ നിയന്ത്രണവും, സംരക്ഷണവും ഇപ്പോഴും കെൽട്രോണാണ് നിർവ്വഹിച്ചു വരുന്നത്. |
| (ബി) | പ്രസ്തുത സിസ്റ്റം ഏത് സ്ഥാപനമാണ് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചത്; | (ബി) | |
| (സി) | ആയതിലേക്ക് സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള ടെൻഡർ നടപടികൾ അനുവർത്തിച്ചിട്ടുണ്ടോ; എങ്കിൽ ഇ-ടെൻഡർ പ്രകാരമാണോ ടെൻഡർ വിളിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ; | (സി) | |
| (ഡി) | ബയോമെട്രിക് പഞ്ചിംഗ് മെഷീൻ, അത് നിർമ്മിച്ച കമ്പനിയല്ലാതെ മറ്റേതെങ്കിലും സ്ഥാപനം മോഡിഫിക്കേഷൻ നടത്തിയിട്ടുണ്ടോ; | (ഡി) | |
| (ഇ) | ഉണ്ടെങ്കിൽ ആയത് മെഷീൻ നിർമ്മിച്ച കമ്പനിയുടെ അനുവാദത്തോടുകൂടിയാണോ; അല്ലെങ്കിൽ ആയത് നിയമവിരുദ്ധ നടപടിയാകില്ലേ എന്ന് വ്യക്തമാക്കുമോ? | (ഇ) | |

സെക്ഷൻ ഓഫീസർ